Mr. M. O. Thomakutty *(Commerce and Industry).* I move that for the words "not less than six months" occurring in lines two and three, the words "three years" may be substituted.

ഇതിന്റെ പ്രധാന ഉദ്ദേശംതന്നെ, ആറുമാസം ഒരാളെ ജോലിക്ക വെച്ചാൽ അദ്ദേഹം എന്തു തരക്കാരനാണെന്നു് മനസ്സിലാക്കാൻ സാധിക്കുകയില്ല, അവന്റെ കാര്യപ്രാപ്തിയെക്കുറിച്ചറിയണമെങ്കിൽ മൂന്നു കൊല്ലമെങ്കിലും ആ ജോലിയിലിരിക്കണം അതുകൊണ്ടു് അവനെ ഒഴിവാക്കാൻപാടില്ല എന്നുള്ള പരാധിയിൽ ആ നിയമനം പാടില്ല.

Mr. K. S. Paniker *(Ezhuvas Trichur):* I second it, Sir.

Mr. P. K. Dewer *(Nominated):* I oppose it.

Amendment put and lost

Mr. President: The question is that clauses 41 to 44 stand part of the Bill.

Motion put and carried

Mr. President: There is an amendment on clause 45 by Mr. M. O. Thomakutty.

Mr. M. O. Thomakutty *(Commerce and Industry):* I move that the words "Two hundred and fifty rupees" occurring in lines 5 and 6 of the clause may be substituted by the words "Five rupees".

ഇതു് ഒരു ആദായമായിട്ടുള്ള വഴിയായിട്ടു് ഗവണ്മെണ്ടു് വിചാരിക്കരുതു്. കൂടുതൽ പിഴ ഇടുക എന്നുള്ളതു് വളരെ കഷ്ടമായിട്ടുള്ള കാര്യമാണു്. വല്ലതും ചെറിയ സംഖ്യ എന്തെങ്കിലും പിഴയായി നിശ്ചയിക്കാനെ പാടുള്ളു എന്നാണു് എനിക്കു പറയാനുള്ളതു്.

Amendment lost

Mr. President: The question is that clause 45 stands part of the Bill.

Motion put and carried

Mr. President: Amendment on clause 46 was not moved by Mr. M. O. Thomakutty. The question is that clauses 46 to 52 stand part of the Bill.

Motion put and carried

Mr. President: The question is that the title and preamble stand part of the Bill.

Motion put and carried

Mr. P. K. Dewer *(Nominated):* I move that the bill as amended be taken up and finally passed at the next meeting of the Council.

Mr. President: The question is that the bill as amended be taken up and finally passed at the next meeting of the Council.

Mr. M. O. Thomakutty *(Commerce and Industry):* I have a suggestion to make that is the bill may be brought into force with effect from 1st Chingam 1124?

Mr. President: That is done by notification "on such date as Government may by notification in the Government Gazette declare".

Mr. S. S. Koder *(Nominated):* On that date the Madras Bill may also be placed on the table.

Mr. M. Sivarama Menon *(Constitutional Adviser):* I want to make a statement. Government would like to have this matter considered again as a matter of fact with regard to the provisions of the Madras Act. There has been no scrutiny on the part of the Government because this has been a non-official bill, as a matter of fact. We shall certainly get into touch with the Madras Act and try to see that if there are any provisions in the Madras Act which are not embodied here, they are also embodied. Suitable adjustments will be made. I am thankful to the Hon'ble Member for the helpful suggestion made by him.

Mr. President: The question is that the Cochin Shops and Establishments Bill as amended may be finally passed at the next meeting.

Motion put and carried

(2) THE COCHIN VERUMPATTOMDARS' (CONDONATION OF FORFEITURE) BILL

Mr. President: Now Mr. K. T. Achuthan will introduce the Cochin Verumpattomdars' (Condonation of forfeiture) Bill.

Mr. K. T. Achuthan *(Ezhuvas-Mukundapuram):* Sir, I move.....

Mr. Parambi Lonappen *(Minister for Revenue):* I move that this Bill also may be referred to the same Select Committee which is considering so many other similar Bills.

Mr. M. Sivarama Menon *(Constitutional-Adviser):* I was moving on that day at the time when this subject was dealt with that this Bill also may be referred to the same Select

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Sivarama Menon]

Committee to which the other Verumpattomdars' Bills have been referred to, with one modification that the mover of the Bill Mr. K. T. Achuthan who is not a member of the Committee may also be kindly included and with the exception of the Hon'ble President.

Mr. President: The question is that the Bill may be referred to the same Select Committee consisting of the same members with the addition of Mr. K. T. Achuthan and with the exception of the Hon'ble President.

Motion put and carried

Mr. President: When will it be reported?

Mr. Parambi Lonappen *(Minister for Revenue):* It will be reported upon along with the other bills.

(3) THE COCHIN PANCHAYAT ACT (AMENDMENT) BILL

മിസ്റ്റർ പി. കെ. ഡീവർ: ഈ പഞ്ചായത്തുനിയമപ്രകാരം തിരഞ്ഞെടുപ്പിനു് പ്രായപൂർത്തിവന്ന എല്ലാ ആളുകൾക്കും വോട്ടവകാശം നല്കീട്ടുണ്ടു്. അതിൽ തിരഞ്ഞെടുപ്പിനു് നില്ക്കുന്നവക്കു് വേണ്ടതായ qualifications നിർദ്ദേശിച്ചിട്ടുണ്ടു്. കൊച്ചിനിയമസഭയെസംബന്ധിച്ചാണെങ്കിൽ ഒരു വോട്ടർ ആയിട്ടുള്ള ആൾക്കു് തിരഞ്ഞെടുപ്പിനു് നില്ക്കാമെന്നാണു് വെച്ചിട്ടുള്ളതു്. ആ നിലക്കു്, കൊച്ചിനിയമസഭയിലേക്കു് വരുവാനുള്ള ഒരാൾക്കു്, ഈ സഭയുടെ, അദ്ധ്യക്ഷപദംവരെ, സഭയുടെ ഉന്നതസ്ഥാനങ്ങളിൽ, വരാവുന്ന ആളുകൾക്കു് യാതൊരു പ്രത്യേക വ്യവസ്ഥകളും ചെയ്തിട്ടില്ല. അതുകൊണ്ടു് പഞ്ചായത്തു തെരഞ്ഞെടുപ്പിനു് നില്ക്കുന്ന ആളുകൾക്കു് വ്യവസ്ഥകൾ ചെയ്തിട്ടുള്ളതു് ഒരിക്കലും ശരിയായിട്ടില്ല. എനിക്കറിയാം, ഇക്കാര്യത്തിൽ അധ:കൃതരെ വ്യവസ്ഥപ്പെടുത്തീട്ടുണ്ടെന്നു്. ഇങ്ങനെ വ്യവസ്ഥപ്പെടുത്തീട്ടുള്ളതു് ആ സ്ഥാനങ്ങളിൽ അനർഹരായിട്ടുള്ള ആളുകൾ വന്നുകയറിയേക്കാമെന്നുവെച്ചാണെങ്കിൽ, അങ്ങിനെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയാനുള്ളതു്. സ്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടുള്ള ഒരാൾ, അല്ലെങ്കിൽ നികുതിയോഗ്യതയുള്ള ആളുകൾക്കു് മാത്രമേ നില്ക്കാൻ പാടുള്ളൂ എന്നാണു്. വിദ്യാഭ്യാസമുള്ള ആളുകളേ നില്ക്കാൻ പാടുള്ളൂ എന്നു പറഞ്ഞാൽ അതു് വേണ്ടില്ല. നികുതിയോഗ്യതയുള്ള ആളുകൾ വിദ്യാഭ്യാസമുള്ള ആളുകളായിക്കൊള്ളണമെന്നില്ല. തന്റെ പേരു്, 'ക്ര' എന്നൊ വട്ടത്തിൽ ഒരു വരയൊ ഇങ്ങിനെ എന്തെങ്കിലും വരയ്ക്കുവാനല്ലാതെ തന്റെ സ്വന്തം പേരെഴുതി ഒപ്പിടുവാൻപോലുമറിയാത്ത ആളുകൾ, നികുതി കൊടുക്കുന്നുണ്ടു് എന്നുള്ള പേരിന്മേൽ തിരഞ്ഞെടുപ്പിനു് നില്ക്കാമെന്നാണു് പറയുന്നതു്! നികുതി കൊടുക്കുന്നുമില്ല, വിദ്യാഭ്യാസം ഉണ്ടുതാനും. അങ്ങിനെയുള്ളവനു് നില്ക്കാൻ പാടില്ല എന്നുള്ളതു് ഈ കാലത്തെ പരിതസ്ഥിതികളെ സംബന്ധിച്ചേടത്തോളം, അതു് സമ്മതിച്ചുകൊടുക്കാൻ പാടില്ലാത്തതാണു്. അതു് ഈ രാജ്യത്തെ പൌരാവലിയുടെ സ്വാതന്ത്ര്യത്തേയും അവകാശത്തേയും ചോദ്യംചെയ്യുന്ന ഒന്നാണു്. ഇന്നത്തെ വില്ലേജു് കോടതികളിൽ ശരിയ്ക്കു് എഴുതാൻ അറിയാത്ത ആളുകൾപോലും ജഡ്ജിമാരായിട്ടുണ്ടു്. വില്ലേജു് കോടതി പ്രസിഡണ്ടുമാരായിട്ടുണ്ടു്. അതുകൊണ്ടു് ഈ വ്യവസ്ഥ ഈ നിയമത്തിൽ വെച്ചിരിക്കുന്നതു്, പുരോഗമനപരമായിട്ടുള്ള ഈ കൊച്ചിക്കു് അഭിമാനകരമായിരിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. ഈ ബില്ലു് ഈ സഭയുടെ എല്ലാ വിഭാഗങ്ങളും സ്വാഗതംചെയ്യുമെന്നു വിശ്വസിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെകുറിച്ചു ഞാൻ നേരത്തെതന്നെ അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളതാണു്. ഇന്നത്തെ ആക്ടു് ആദ്യം ബില്ലായി നിയമസഭയിൽ കൊണ്ടുവന്നപ്പോൾ ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിരുന്നു. പക്ഷെ അന്നു് അതു് അന്നത്തെ മന്ത്രികക്ഷിക്കാർ തള്ളിക്കളഞ്ഞു. മന്ത്രിഭരണം നടത്താമെന്നുണ്ടെങ്കിൽ പഞ്ചായത്തുകളിൽ സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവക്കോ നികുതി കൊടുക്കുന്നവക്കോ മാത്രമേ വില്ലേജു് ഭരണത്തിൽ ഇരിക്കുവാൻ പാടുള്ളുവെന്നുള്ളതു് വാസ്തവത്തിൽ പോരായ്മയായിട്ടുള്ളൊരു കാര്യമാണു്. ഈ ആക്ടു് മുഴുവനും നടപ്പിൽ വന്നിട്ടില്ലാത്തതുകൊണ്ടു് ഈ ഭേദഗതി നടപ്പിലാക്കുന്നതു് നന്നായിരിക്കുമെന്നനിക്കഭിപ്രായമുണ്ടു്. ഇതു് ഈഴവർ മുതലായ അവശസമുദായങ്ങളെയാണു് പ്രധാനമായി ബാധിക്കുക. അവരുടെ ഇടയിൽ സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരാണെങ്കിൽ ഇതിനൊന്നും നില്ക്കാതെ വേറെ എതെങ്കിലും ഉദ്യോഗം അന്വേഷിച്ചു പോകേണ്ടതായിട്ടുവരും. അവരുടെയിടയിൽ നികുതിയോഗ്യതയുള്ളവരും ഉണ്ടായിരിക്കുകയില്ല. ഇതു നായന്മാരേയോ തമിഴ്ബ്രാഹ്മണരേയോ ക്രസ്ത്യാനികളേയോ ബാധിക്കുന്നതു കാര്യമില്ല. ഞങ്ങളെപ്പോലെയുള്ള അവശസമുദായങ്ങൾക്കു് മെച്ചമുണ്ടാകുമെന്നു പറയുമ്പോൾ അതു് ന

LIBRARY ARCHIVES Kerala Legislative Assembly